**പതിമൂന്നാം കേരളനിയമസഭ**
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3184 — 13.10.2011 ൽ മറുപടിയ്ക്ക്

## സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ടി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ വീട് വയ്ക്കുന്നതിനു വേണ്ടി ഭൂമി വാങ്ങുമ്പോഴും കുടുംബ സ്വത്ത് പങ്കിടുമ്പോഴും ഭാരിച്ച തുക ആധാരവിലയായും രജിസ്ട്രേഷൻ ഫീസായും നൽകേണ്ടിവരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 5 സെന്റിൽ താഴെ ഭൂമി വാങ്ങുന്ന പട്ടിക വർഗ്ഗക്കാർക്ക് പ്രസ്തുത ആധാരത്തിനാവശ്യമായ മുദ്രവില, 27.3.2010 ലെ ജി.ഒ. (എം.എസ്) 86/2010/റ്റി.ഡി നമ്പർ ഉത്തരവ് അനുസരിച്ച് ഒഴിവാക്കി നല്കിയിട്ടുണ്ട്. കൂടാതെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടിക വർഗ്ഗക്കാർ, അവരുടെ കുടുംബാംഗങ്ങൾക്കിടയിൽ നടത്തുന്ന ഭാഗപത്ര ആധാരങ്ങൾക്ക് ആവശ്യമായ മുദ്രവില 100/— രൂപയായും, രജിസ്ട്രേഷൻ ഫീസ് 1% മായും നിജപ്പെടുത്തിക്കൊണ്ട് യഥാക്രമം, 4.8.2010 ലെ ജി.ഒ.(പി) 201/2010/റ്റി.ഡി, 202/2010/റ്റി.ഡി എന്നീ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ